**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1049.** **05.02.2020 ൽ മറുപടിയ്ക്ക്**

**മദ്യ ഉപയോഗം കുറയ്ക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**ശ്രീ.കെ.എൻ.എ.ഖാദർ**<br>**ശ്രീ.സി.മമ്മൂട്ടി**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കുറച്ചുകൊണ്ടുവരുന്ന നയത്തിന് മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഡ്രൈ ഡേ പിൻവലിക്കുകവഴി മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ; | (ബി) | ബാധകമല്ല. |
| (സി) | മദ്യ ഉപയോഗം കുറയ്ക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | എക്സൈസ് വകുപ്പ് നേരിട്ടും കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" മുഖേന ആവിഷ്കരിച്ചു നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ മുഖാന്തിരവും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കുറയ്ക്കുവാനും ഇല്ലാതാക്കുവാനും ലക്ഷ്യമിടുന്നു. അതോടൊപ്പം എല്ലാവിധ ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിനെതിരെ മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, റസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂൾ-കോളേജ്തല ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്ര മേഖലയിലുമുള്ള പൊതുജന പങ്കാളിത്തത്തോടുകൂടി ശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. ലഹരി മുക്തമായ ഒരു നവ കേരളം സൃഷ്ടിക്കുക എന്ന പരമ പ്രധാന ലക്ഷ്യത്തോടെയാണ് ഈ ദിശയിലുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ